# അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26




## ഹോളിക്രോസ് എൽ പി എസ് കടൽവാതുരുത്ത്

## ഹോളി ക്രോസ് എൽ പി എസ് കടൽവാതുരുത്ത്
## അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

### ആമുഖം

ചേന്ദമംഗലം കടൽവാതുരുത്ത് എന്ന ഗ്രാമത്തിലാണ് വിദ്യാലയം. ചരിത്രപരമായി പെരുമയേറുന്ന നാടാണിത്. വർഷങ്ങൾക്കു മുൻപ് ഈ നാട്ടിൽ നിന്ന് നോക്കിയാൽ അറബ് കടൽ കാണാമായിരുന്നു. ഇതിന് തുടർന്നായിരിക്കാം ' കടൽ' 'വാ' ' "തുരുത്ത് ' എന്ന പേരുണ്ടായത്. ഈ ഗ്രാമത്തിൽ ചുറ്റി ഒഴുകുന്ന പെരിയാർ നദി ഗ്രാമത്തെ ഹരിതാഭമാക്കുന്നു. പൗരാണികമായ വിശുദ്ധ കുരിശിന്റെ ലത്തീൻ പള്ളി വിദ്യാലയത്തോട് ചേർന്ന് നിൽക്കുന്നു
70 വർഷത്തോളമായി വിദ്യാലയത്തോട് ചേർത്ത് നടത്തുന്ന ഗോതുരുത്ത് വള്ളംകളി കേരള പ്രശസ്തി ആർജിച്ച ഒരു മാമാങ്കമാണ്. ചവിട്ടു നാടക കലാപ്രതിഭയായ ചിന്നത്തമ്പി അണ്ണാവി ഓഡിറ്റോറിയവും മാരിടൈം ആർട്സ് സെന്ററും വിദ്യാലയത്തിന് അടുത്തായി സ്ഥിതി ചെയ്യുന്നു. പെരിയാറിന്റെ ഇരുവശങ്ങളിലുമായി കടൽവാതുരുത്ത്
ഹോളിക്രോസ് പള്ളിയും മൂത്തകുന്നം ശ്രീനാരായണമംഗല ക്ഷേത്രവും മുഖത്തോട് മുഖം ദർശിച്ച് മതമൈത്രിയുടെ പ്രതീകമായി നിലകൊള്ളുന്നു.

### <u>ജീവനക്കാർ</u>

പ്രധാന അധ്യാപിക : 1

അധ്യാപകർ : 6

പി ടി സി എം : 1

കുക്ക് : 1

പ്രീ പ്രൈമറി ടീച്ചർ : 2 ആയ : 1

# നിലവിലെ അവസ്ഥ

## അക്കാദമികം - നേട്ടങ്ങൾ

എല്ലാ വർഷങ്ങളിലും ഹോളി ക്രോസ് എൽ പി സ്കൂളിലെ നാലാം ക്ലാസ് വിദ്യാർഥികളിൽ ഒന്നിലധികം കുട്ടികൾ എൽ എസ് എസ് പരീക്ഷ വിജയിച്ച് സ്കോളർഷിപ്പിന് അർഹരാകുന്നു . കലാ - കായിക - പ്രവർത്തിപരിചയ മത്സരങ്ങളിൽ ഉപജില്ലാതലത്തിൽ സമ്മാനങ്ങൾ നേടുന്നു . ദിനാചരങ്ങളുമായി ബന്ധപ്പെട്ടും ക്ലാസ് പ്രവർത്തനങ്ങളുടെ ഭാഗമായും കുട്ടികൾ മാസികകളും പത്രങ്ങളും തയ്യാറാക്കുന്നു . വായനാശീലം വളർത്തുന്നതിന് ക്ലാസ് ലൈബ്രറികൾ സജ്ജീകരിച്ചിട്ടുണ്ട് . പുസ്തകങ്ങൾ വായിച്ച് ഇംഗ്ലീഷിലും മലയാളത്തിലും വായനാസാമഗ്രഹികൾ തയ്യാറാക്കുന്നു . സ്വയം പരീക്ഷണ നിരീക്ഷണങ്ങളിൽ ഏർപ്പെടുന്നതിന് അവസരമൊരുക്കുന്നു . ഓരോ ദിവസത്തെയും അസംബ്ലി ഓരോ ക്ലാസ്സുകാർ ഏറ്റെടുത്തു നടത്തുന്നു . പൊതു വിജ്ഞാനം വർധിപ്പിക്കുന്നതിന് അസംബ്ലിയിൽ ദിവസവും ഒരു ചോദ്യം . മൂല്യ ബോധം വളർത്തുന്നതിന് ചിന്താവിഷയം അവതരണം നടത്തുന്നു . കുട്ടികളുടെ പഠനകാര്യങ്ങളിൽ മാത്രമല്ല കലാപരമായ കഴിവുകളിലും പ്രാധാന്യം കൊടുത്തുകൊണ്ട് ചവിട്ടു നാടക പരിശീലനം , ശില്പ കലാപരിശീലനം , ചുമർ ചിത്രകല ചിത്രരചന പരിശീലനം , മോഹിനിയാട്ട പരിശീലനം എന്നിവ നടത്തി വരുന്നു . ചതുഷ്ക്രിയകൾ എളുപ്പമാക്കാൻ അബാക്കസ് ക്ലാസ് നടത്തുന്നു . പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേകസമയം കണ്ടെത്തി മലയാളത്തിളക്കം , ഗണിതം മധുരം , ഹലോ ഇംഗ്ലീഷ് പോലുള്ള പ്രവർത്തങ്ങൾ നല്കുന്നു . AI ഉപയോഗിച്ചുകൊണ്ടുള്ള ICT പ്രവർത്തങ്ങൾ നടത്തുന്നു .

## അക്കാദമികം - പരിമിതികൾ

പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികൾ , ഭിന്നനിലവാരക്കാരായ കുട്ടികൾ എന്നിവർക്ക് പ്രത്യേക പരിഗണന നൽകികൊണ്ട് മികവിലേക്ക് എത്തിക്കണം .

### (എ) ഭൗതികം- നേട്ടങ്ങൾ

6 ക്ലാസ് മുറികൾ ഉള്ള കെട്ടിടം . 11 ലാപ്ടോപ്കളും , 9 ഡെസ്ക്ടോപ് കളും 2 പ്രൊജെക്റ്ററുകളും കുട്ടികളുടെ പഠനമികവിനായി ഉപയോഗപ്പെടുത്തുന്നു .

### (ബി ) ഭൗതികം- പരിമിതികൾ

ഉപ്പുവെള്ളം കയറുന്നതു കൊണ്ട് ജൈവ കൃഷിക്ക് അനുയോജ്യമല്ല . ജൈവ വൈവിധ്യപാർക്ക് സ്ഥാപിക്കണം .

## ലക്ഷ്യങ്ങൾ

- മാതൃഭാഷ തെറ്റു കൂടാതെ വായിക്കാനും എഴുതുവാനും കുട്ടികളെ പ്രാപ്തരാക്കുക
- സാഹിത്യ രചനകൾ നടത്താൻ പ്രാപ്തരാക്കുക
- കുട്ടികളിൽ വായനാശീലം വളർത്തുക
- രക്ഷിതാക്കളിലും വായനാശീലം വളർത്തുക
- കുട്ടികളുടെ രചനകൾ ചേർത്ത് പതിപ്പുകൾ, മാസികകൾ എന്നിവ തയ്യാറാക്കുക
- ഇംഗ്ലീഷ് ഭാഷ ക്ലാസ്സ് നിലവാരത്തിനനുസരിച്ച് കൈകാര്യം കുട്ടികളെ പ്രാപ്തരാക്കുക
- ചെറിയ വായനാസാമഗ്രികൾ ഇംഗ്ലീഷിൽ തയ്യാറാക്കുന്നതിന് കുട്ടികളെ പ്രാപ്തരാക്കുക
- ICT സഹായത്തോടെ ഇംഗ്ലീഷ് ഭാഷയിലുള്ള പുസ്തകങ്ങളും മറ്റു രചനകളും പരിചയപ്പെടുത്തുകയും കേട്ടും വായിച്ചും ആശയഗ്രഹണത്തിന് അവസരം ഒരുക്കുകയും ചെയ്യുക
- പഠനയാത്രകൾ നടത്തുക
- കുട്ടികളിൽ ഗണിതശേഷി വികസിപ്പിക്കുകയും ഗണിതം ആസ്വാദ്യകരമാക്കുകയും ചെയ്യുക
- കുട്ടികളിൽ ഗണിതശേഷി വികസിപ്പിക്കുകയും ഗണിതം ആസ്വാദ്യകരമാക്കുകയും ചെയ്യുക
- ശാസ്ത്രാഭിരുചി വളർത്തുകയും ലഘുപരീക്ഷണങ്ങൾ, നിരീക്ഷണങ്ങൾ എന്നിവയിലൂടെ ശാസ്ത്രതത്വങ്ങൾ മനസ്സിലാക്കുവാനും ശാസ്ത്രവബോധം ഉണ്ടാക്കുവാനും കുട്ടികളെ പ്രാപ്തരാക്കുക
- ആരോഗ്യം,ശുചിത്വം തുടങ്ങിയ മേഖലകളിൽ അവബോധം ഉണ്ടാക്കുക
- സ്നേഹം, സാഹോദര്യം,  ദീനാനുകമ്പ മുതലായ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുക
- പൊതുവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകുക
- ടാലന്റ് പ്രവർത്തനങ്ങൾ നടത്തുക

- കുട്ടികളുടെ സർഗ്ഗാത്മക പ്രവർത്തനങ്ങൾ കോർണർ പി ടി എ നടത്തി അവതരിപ്പിക്കുക

**<u>ലക്ഷ്യങ്ങൾ (സാമൂഹികം)</u>**

- റിസോഴ്സ് മാപ്പിങ് നടത്തി ' ടാലന്റ് ലാബ്' ശരിയായി പ്രവർത്തിപ്പിക്കുക.

  (ഓരോ കുട്ടിയുടെയും കഴിവുകൾ തിരിച്ചറിഞ്ഞ് ആവശ്യമായ പ്രോത്സാഹനവും

  പരിശീല നവും നൽകുക, അതിനാവശ്യമായ റിസോഴ്സ് സമൂഹത്തിൽ നിന്നു

  കണ്ടെത്തി അവരുടെ സേവനം പ്രയോജനപ്പെടുത്തുക.
- SMC, PTA, MPTA ശാക്തീകരണം, മാതൃകാപരമാക്കൽ
- വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് പ്രയോജനപ്പെടുത്തുക (ലൈബ്രറി, I.C.T etc)
- ഭവന സന്ദർശനം നടത്തി കുട്ടികളുടെയും സമൂഹത്തിന്റെയും പരിമിതികൾ തിരിച്ചറി യുക,

  ആവശ്യമായ പിന്തുണ നൽകുക.

**<u>ലക്ഷ്യങ്ങൾ (ഭൗതീകം)</u>**

- നൂറുവർഷം പിന്നിട്ട വിദ്യാലയത്തിന് പുതിയ കെട്ടിടം, ഓഫീസ്, സ്റ്റാഫ് റൂം എന്നിവ

  സജ്ജമാക്കുക.

- അക്കാദമിക മികവിന് പര്യാപ്തമാകുന്ന വിധത്തിൽ ദീർഘകാല വീക്ഷണത്തോടെ

  പശ്ചാത്തല സൗകര്യം വർധിപ്പിക്കുക.
- നവീകരിച്ച ക്ലാസ് റൂമുകൾ, ലാബ്, ലൈബ്രറി സൗകര്യം, കലാ-പ്രവൃത്തിപരിചയ-കായിക

  പരിശീലനങ്ങൾക്കുള്ള സൗകര്യം എന്നിവ ഒരുക്കുക.
- അധ്യയനം ഏറ്റവും ഫലപ്രദവും ആകർഷകവും ആക്കുന്നതിന് IC.T. സൗകര്യങ്ങൾ,

  സ്മാർട്ട് ക്ലാസ് റൂമുകൾ എന്നിവ സജ്ജമാക്കുക.
- പ്രകൃതിയെ പാഠപുസ്തകമാക്കുക എന്ന ലക്ഷ്യത്തോടെ ജൈവ വൈവിധ്യ പാർക്ക്

  സജ്ജമാക്കുക.
- എന്റെ വിദ്യാലയം എന്റെ സ്വപ്നം  പദ്ധതിയിലൂടെ അന്താരാഷ്ട്ര നിലവാരമുള്ള

  വിദ്യാലയമാക്കി മാറ്റുക

# മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതീകം | സാമൂഹികം |
|---|---|---|
| ഭാഷാശേഷി വികസനം | പുതിയ കെട്ടിടങ്ങൾ | കിങ്ങിണിക്കൂട്ടം |
| ഗണിതശേഷി വികസനം | വൃത്തിയും ഭംഗിയുമുള്ള | അംഗനവാടി കലോത്സവം |
| ഇംഗ്ലീഷ് പഠന പരിപോഷണം | ടോയ്‌ലെറ്റ് | പൂർവ്വ വിദ്യാർത്ഥി സംഗമം |
| ശാസ്ത്ര പോഷണം | ഭക്ഷണ ശാല | രക്ഷിതാക്കൾക്ക് |
| വായനാ പരിപോഷണം | കളിസ്ഥലം | കമ്പ്യൂട്ടർ പരിശീലനം |
| ലൈബ്രറി ശാക്തീകരണം | കളി ഉപകരണങ്ങൾ | പിടിഎ - എം.പി.ടിഎ |
| കുഞ്ഞെഴുത്ത് പോഷണം | ലാബ്, ലൈബ്രറി | സർഗ്ഗോത്സവം |
| പ്രതിഭാപോഷണം | സൗകര്യങ്ങൾ | കാരണവർക്കൂട്ടം |
| ഭാഷണ പരിശീലനം | സ്മാർട്ട് ക്ലാസ്സ് റൂമുകൾ | കാരുണ്യ പദ്ധതി |
| വിദ്യാരംഗപ്രവർത്തനങ്ങൾ | സൗകര്യപ്രദമായ | (രോഗികൾക്ക് സഹായം) |
| നാടിനെ അറിയൽ | ഫർണീച്ചറുകൾ | കോർണർ പിടിഎ |
| നാടക കളരി | ഓഡിറ്റോറിയം | ഭവന സന്ദർശനം |
| അഭിമുഖങ്ങൾ | സ്കൂൾ ബസ് | പുസ്തക സമാഹരണം |
| (കൃഷി, പോസ്റ്റ്മാൻ, | മേൽക്കൂരയുള്ള | ജൈവവൈവിധ്യ |
| ചരിത്രകാരൻ) | അസംബ്ലിഹാൾ | സംരക്ഷണം |
| എഴുത്തുകൂട്ടം | ജൈവ വൈവിധ്യ പാർക്ക് | വൃക്ഷത്തൈ നടൽ |
| വായനാകൂട്ടം | പ്രീപ്രൈമറി | (വീട്ടിൽ, സ്കൂളിൽ) |
| ഭാഷാ ലാബ് | ആകർഷകമാക്കുക | മികവുകൾ അവതരണം |
| ഭാഷണ പരിശീലനം | സ്മാർട്ട് ക്ലാസ്സ് റൂമുകൾ | കാരുണ്യ പദ്ധതി |
| വിദ്യാരംഗപ്രവർത്തനങ്ങൾ | സൗകര്യപ്രദമായ | (രോഗികൾക്ക് സഹായം) |
| നാടിനെ അറിയൽ | ഫർണീച്ചറുകൾ | കോർണർ പിടിഎ |
| നാടക കളരി | ഓഡിറ്റോറിയം | ഭവന സന്ദർശനം |
| അഭിമുഖങ്ങൾ | സ്കൂൾ ബസ് | പുസ്തക സമാഹരണം |
| (കൃഷി, പോസ്റ്റ്മാൻ, | മേൽക്കൂരയുള്ള | ജൈവവൈവിധ്യ |
| ചരിത്രകാരൻ) | അസംബ്ലിഹാൾ | സംരക്ഷണം |
| എഴുത്തുകൂട്ടം | ജൈവ വൈവിധ്യ പാർക്ക് | വൃക്ഷത്തൈ നടൽ |
| വായനാകൂട്ടം | പ്രീപ്രൈമറി | (വീട്ടിൽ, സ്കൂളിൽ) |
| ഭാഷാ ലാബ് | ആകർഷകമാക്കുക | മികവുകൾ അവതരണം |
| ശിൽപശാല | മാലിന്യ സംസ്കരണം | മാസത്തിലൊന്ന് |
| ഗണിത ലാബ് | ബയോഗ്യാസ് പ്ലാന്റ് | ക്ലാസ്സുകൾ |
| ശാസ്ത്രലാബ് | | സെമിനാറുകൾ |
| പരീക്ഷണ ശിൽപശാല | | പാരന്റ്സ് |
| പ്രവൃത്തി പരിചയ പഠനം | | |
| കലാകായിക മികവുകൾ | | |
| ദിനാചരണങ്ങൾ മികവോടെ | | |
| ഐടി പഠനം | | |
| സ്വന്തം റേഡിയോ | | |
| സ്വന്തം സിനിമ | | |
| (ഫോൺ, പ്രൊജക്ടർ) | | |

| ക്രമ നം. | വിഷയം & മേഖല | പ്രവർത്തനങ്ങൾ |
|---|---|---|
| 1. | മലയാളം വായന | ക്ലാസ്സ് ലൈബ്രറി, വായനാ മത്സരങ്ങൾ, വായന |
| 2. | മലയാളം ലേഖനം | രചനാ മത്സരങ്ങൾ, പതിപ്പുകൾ, സ്കൂൾ മാഗസിൻ |
| 3. | മലയാളം സർഗ്ഗാത്മക പ്രകടനം | ബാലസഭ, ദിനാചരണങ്ങൾ, ക്ലബ്ബുകൾ |
| 4. | ഇംഗ്ലീഷ് വായന | വായന പ്രവർത്തനങ്ങൾ, ഹലോ ഇംഗ്ലീഷ് പ്രവർത്തനം |
| 5. | ഇംഗ്ലീഷ് ലേഖനം | രചനകൾ, പതിപ്പുകൾ |
| 6. | ഇംഗ്ലീഷ് സർഗ്ഗാത്മകം | റോൾ പ്ലേ, സ്കിറ്റ്, ക്ലബ്ബ് പ്രവർത്തനങ്ങൾ, രചനാ പ്രവർത്തനങ്ങൾ |
| 7. | ഗണിതം/ സംഖ്യാജ്ഞാനം | പ്രീടെസ്റ്റിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നു. എണ്ണൽ, സ്ഥാനവില, ആരോഹണ - അവരോഹരണ ക്രമനിലവാരമനുസരിച്ച് പ്രവർത്തന പാക്കേജ് തയ്യാറാക്കൽ |
| 8. | ഗണിതം സങ്കലനം, വ്യവകലനം, ഗുണനം, ഹരണം | പ്രായോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. ഗണിത ലാബ് രൂപീകരണം, വർക്ക് ഷീറ്റുകൾ |
| 9. | ഗണിതാസ്വാദനം | ശ്രദ്ധ പ്രവർത്തനങ്ങൾ, തുടർപ്രവർത്തനങ്ങൾ, ഗണിത ക്വിസ്സ്, ഗണിതമാഗസിൻ, പസിലുകൾ, ഡയഗ്രം, ഗണിത ക്ലബ്ബ് രൂപീകരണം, പഠനോപകരണ നിർമ്മാണം. |
| 10. | പരിസര പഠനം | പഠന നിലവാരം കണ്ടെത്തുന്നു. പരിമിതികൾ പരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ തയ്യാറാക്കുന്നു. |
| 11. | നിരീക്ഷണം | പ്രകൃതി നിരീക്ഷരണത്തിന് കൂടുതൽ അവസരങ്ങൾ ഐടിസി സാധ്യതകൾ ഉപയോഗിക്കുന്നു. വർഗ്ഗീകരണം, താരതമ്യം |
| 12. | പരീക്ഷണങ്ങൾ | പരീക്ഷണങ്ങളിലൂടെ അറിവ് നിർമ്മാണം, ശാസ്ത്ര പ്രദർശം. അധ്യാപകരുടെ സഹായത്താൽ ശാസ്ത്ര ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നു. |
| 13. | പൊതുവിജ്ഞാനം | വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട് ക്വിസ്സ്, വിവരശേഖരണം, സെമിനാർ, സംവാദം |
| 14. | പ്രവൃത്തി പരിചയം | പ്രവർത്തി പരിചയവുമായ ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ പ്രവർത്തന തലത്തിൽ ചെയ്യുന്നു. പ്രദർശനം നടത്തുന്നു. |
| 15. | വിദ്യാരംഗം | ടാലന്റ് ലാബ് രൂപീകരണം ഓരോ ക്ലാസ്സിലേയും പാഠഭാഗങ്ങൾ, ദിനാചരണങ്ങൾ, വിദ്യാരംഗം പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി |
| 16. | ആരോഗ്യ ക്ലബ്ബ് | ആരോഗ്യ ചാർട്ട്, ക്ലാസ്സ് ശുചിത്വം, ആരോഗ്യ പരിശോധന |
| 17. | കായികം | ഓട്ടം, ചാട്ടം, യോഗ എന്നിവയിൽ പരിശീലനം നൽകുന്നു. |

| ക്രമ നം. | വിഷയം & മേഖല | പ്രവർത്തനങ്ങൾ |
|---|---|---|
| 18 | കൃഷി | കൃഷി ക്ലബ്ബിന്റെ നേതൃത്വത്തിൽ കൃഷിതോട്ടം ഒരുക്കുന്നു. |
| 19. | കലാപഠനം | ചിത്രരചന, പെയ്ന്റിംഗ് പരിശീലനം |
| 20. | സംഗീതം | സംഗീത ക്ലാസ്സുകൾ സംഘടിപ്പിക്കുന്നു. |
| 21. | സ്കൂൾ റേഡിയോ | കുട്ടികളുടെ സർഗ്ഗവാസനകൾ പ്രകടിപ്പിക്കുന്നു. |

## പ്രതീക്ഷിത നേട്ടങ്ങൾ

- ശിശു സൗഹൃദപരമായ അന്താരാഷ്ട്ര നിലവാരമുള്ള പഠനാന്തരീക്ഷം ഒരുക്കുന്നു.
- സർക്കാർ വിദ്യാലയത്തിലേക്ക് കൂടുതൽ കുട്ടികൾ പ്രവേശനം നേടുന്നു
- സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം കൂടുതൽ ശക്തമാക്കുന്നു.

## മോണിറ്ററിംഗ് രീതി

- പി.ടി.എ. എം.പി.ടി.എ എച്ച് എം എസ്. ആർ.ജി പഞ്ചായത്ത് തലം, എസ്.എം.സി, ഒ.എസ്.എ എന്നിവയെ ഉൾപ്പെടുത്തി നടപ്പിലാക്കുന്നു.